# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറിച്ചി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി12-1184/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറിച്ചി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി12-1184/2021 തീയ്യതി: 13/10/2021

## കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 26-08-2021 | 10-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 10-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മനോജ് ജോർജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുപ്രഭ എസ്. | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ബീനാമോൾ ജെ. | സെക്രട്ടറി | 12-07-2019 | 31-03-2020 |
| ബിന്ദുമോൻ വി. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 11-08-2019 |
| | | 01-07-2019 | 11-07-2019 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രസന്നകുമാർ ആർ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഗിരീഷ് കുമാർ കെ. | വെറ്ററിനറി സർജൻ | 01-04-2019 | 06-08-2019 |
| ഡോ. അജയകുമാർ ബി. | വെറ്ററിനറി സർജൻ | 07-08-2019 | 31-03-2020 |
| ഡോ. നീത ആലീസ് പോൾ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. മിഥുൻ ജെ കല്ലൂർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ഗിരീഷ് വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മലകുന്നം) | 01-04-2019 | 31-03-2020 |
| അനീഷ ആർ. ബാബു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 08-05-2019 |
| അനിപ്രിയ എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-05-2019 | 31-03-2020 |
| സി. ആർ. ബീനാഭായി | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ദീപ ഡി. റ്റി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 31-03-2020 |
| ജയലക്ഷ്മി | ഡയറി ഫാം | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഇൻസ്ട്രക്ടർ | | |
| ബിന്ദുമോൻ വി. ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 16-08-2019 |
| അൻസു ഒ. എ). | അസിസ്റ്റന്റ് സെക്രട്ടറി | 22-08-2019 | 05-12-2019 |
| ജോബി കുര്യാക്കോസ് | അസിസ്റ്റന്റ് സെക്രട്ടറി | 19-12-2019 | 31-03-2020 |
| ഉണ്ണിക്കൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചി) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 01-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 01-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 01-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 01-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Darsana V (Senior Grade Auditor, On 09-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: A Indulekha (Audit Officer, On 03-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 03-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A Indulekha (Audit Officer, On 03-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-10 |
| 11 | രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-11 |
| 12 | അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-12 |
| 13 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു.<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-13 |
| 14 | വിമുക്തഭടന്മാർക്ക് വസ്തനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-14 |
| 15 | വസ്തുനികുതി -കുടിശ്ശിക<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-15 |
| 16 | വസ്തുനികുതി നിർണ്ണയം - തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-16 |
| 17 | | 1-17 |

| | | |
|---|---|---|
| | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | |
| 18 | വസ്തുനികുതി ഇളവ് -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-18 |
| 19 | വസ്തുനികുതി- കളക്ഷൻ തുക സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-19 |
| 20 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-20 |
| 21 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-21 |
| 22 | തൊഴിൽനികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-22 |
| 23 | വാടക കുടിശ്ശിക 16320 രൂപ ഈടാക്കാൻ അവശേഷിക്കുന്നു .<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-23 |
| 24 | വാടക – പൊതുഅപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-24 |
| 25 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-25 |
| 26 | മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-26 |
| 27 | ലൈസൻസ് ഫീസ് - പൊതുഅപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-27 |
| 28 | ഇ-ടെന്ററർ ഫോം വില പഞ്ചായത്തിന് ലഭിച്ചില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-28 |
| 29 | ബാലസഭ പ്രവർത്തനങ്ങൾ നടത്തിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-29 |
| 30 | പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം - അർഹമായതിലും അധിക ധനസഹായം നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-30 |
| 31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - ചെലവ് വിവരങ്ങൾ കൃത്യമല്ല<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-31 |
| 32 | സി.പി.ആർ.സി.എസ് മുഖേന വാങ്ങൽ - ഉത്പ്പന്നത്തിന്റെ യഥാർത്ഥ വില കെൽട്രോൺ ബില്ലിൽ പ്രതിഫലിക്കുന്നില്ല - | 1-32 |

| | | |
|---|---|---|
| | തുകയിൽ വ്യത്യാസം<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | |
| 33 | ഗുണഭോക്താക്കളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്തില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-33 |
| 34 | കൃഷി ഓഫീസർ 2019-20 ൽ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-34 |
| 35 | ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Darsana V (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-35 |
| 36 | കന്ന് കുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-36 |
| 37 | ഡയറി ഫാം ഇൻസ്ട്രക്ടറുടെ പ്രോജക്ട് ചെലവ്-ബിൽ ബുക്ക് ലഭ്യമാക്കിയില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-37 |
| 38 | റോഡ് കോൺക്രീറ്റിങ്ങ് കരാർ കാലയളവിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-10-2021) | 1-38 |
| 39 | ചെറിയ ചെയിനേജിൽ റോഡ് കോൺക്രീറ്റിങ്ങ്-റോഡുകൾ സഞ്ചാരയോഗ്യമാകുന്നില്ല<br>Written By: Sivaraj P (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-39 |
| 40 | ലൈഫ് ഭവന പദ്ധതി<br>Written By: Darsana V (Senior Grade Auditor, On 11-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-40 |
| 41 | ആശ്രയ ഭവന നവീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 12-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 1-41 |
| **ഭാഗം 2** | | |
| 1 | മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി- 4650 രൂപ നഷ്ടം<br>Written By: Emil T Abraham (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 2-1 |
| **ഭാഗം 3** | | |
| 1 | പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം - - അർഹമായതിലും അധിക ധനസഹായം നൽകി<br>Written By: Sunil Kumar G (Senior Grade Auditor, On 13-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-09-2021) | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 07-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 13-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 02-09-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 06/03/2019 തീയതിയിലെ I(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 37,085,310/- | 46,469,925/- |
| വരവ് | 159,274,000/- | 70,328,877/- |
| ആകെ | 196,359,310/- | 116,798,802/- |
| ചെലവ് | 185,477,000/- | 72,755,702/- |
| നീക്കിയിരിപ്പ് | 10,882,310/- | 44,043,100/- |

ബജറ്റ് പ്രകാരം 15.93 കോടി രൂപയുടെ പ്രതീക്ഷിത വരവും 18.55 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 11.28 കോടി രൂപയും ചെലവ് 11.83 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 112,788,925/- രൂപയും ചെലവ് 118,285,667/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 5,496,742/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 95,100,833/- രൂപയും ബാധ്യതകളുടെ മൂല്യം 77,136,119/- രൂപയും ജനറൽ ഫണ്ട് 17,964,714/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 320100299, 320700104, 320700304, 320700404, 320700405 ശീർഷകങ്ങളിൽ 31/03/2020 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്റ്റുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല.

3.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4.31/03/2020-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800119 ശീർഷകത്തിലെ 5,000/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ലാത്തതിനാൽ പഞ്ചായത്തിന് പ്രസ്തുത ബാധ്യത ക്രമീകരിക്കാൻ സാധിക്കുന്നില്ല.

5.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത്

ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമല്ല.

6.2019-20 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. റോഡ് ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ 252200101-Roads-General എന്ന ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

7.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.8.350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

8.പഞ്ചായത്ത് 2019-20 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

9.1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ വിശദാംശം വിശദീകരിക്കപ്പെട്ടിട്ടില്ല. വസ്തുനികുതി കുടിശിക ഡിമാന്റിൽ നിന്നും 417,362/- രൂപയും സർവ്വീസ് സെസ്സ് 40,551/- രൂപയും ഒഴിവാക്കി അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

10.വിവിധ അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിനിമയം ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11.110200102-Profession Tax-Employees ശീർഷകത്തിലെ വരവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ളത് റിസീറ്റ് & പേമെന്റ് പത്രികയിലെ വരവിൽ നിന്നും 27,750/- രൂപയുടെ വ്യത്യാസം കാണുന്നു(പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി സാലറി റിക്കവറിയായി ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തത് മൂലം). 10 ന്റെ ഗുണിതമായി സ്ലാബ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി വരവ് 10 ന്റെ ഗുണിതമായ തുകയല്ല.

12.2019-20 പാർട്ട് ബിൽ ആസ്തി പ്രോജക്ട് ചെലവ് 412010101-Capiatal Work In Progress ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

13.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 46,469,925/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70,328,877/- |
| ആകെ | 116,798,802/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72,755,702/- |
| നീക്കിയിരിപ്പ് | 44,043,100/- |
| വരവിനങ്ങളിലുള്ള നഷ്ടം | 4,650/- |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1061450/- |

## 1-4 ഫണ്ട് വിനിയോഗം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20,077,000/- | 20,077,000/- | 14,295,940/- | 5,781,060/- | 71.21 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 14,138,000/- | 14,138,000/- | 7,227,603/- | 6,910,397/- | 51.12 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 809,000/- | 809,000/- | 387,622/- | 421,378/- | 47.91 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 12,287,000/- | 12,287,000/- | 5,835,628/- | 6,451,372/- | 47.49 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 9,301,000/- | 9,301,000/- | 3,544,180/- | 5,756,820/- | 38.11 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,743,000/- | 4,743,000/- | 2,859,789/- | 1,883,211/- | 60.29 |
| ICDS ഫണ്ട് | 2,674,781/- | 1,083,059/- | 3,757,840/- | 932,575/- | 2,825,265/- | - |
| ജലനിധി | 1,216,728/- | 355,575/- | 1,572,303/- | 85,480/- | 1,486,823/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 1,162,150/- | 0 | 1,162,150/- | 0 | 1,162,150/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 943,662/- | 0 | 943,662/- | 551,855/- | 391,807/- | - |
| ആശ്രയ ഫണ്ട് | 1,366,733/- | 533,341/- | 1,900,074/- | 0 | 1,900,074/- | - |
| ലൈഫ് മിഷൻ ഫണ്ട് | 0 | 2,880,000/- | 2,880,000/- | 2,880,000/- | 0 | - |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ ബജറ്റ് വിഹിതത്തിൽ അധികരിച്ച് 3,030/- രൂപ അലോട്ട്മെന്റ് ലഭിച്ചതായി ACR-ൽ കാണുന്നു. വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളിൽ സംസ്ഥാന ബജറ്റ് വിഹിതത്തിനു പുറമേ 12/12/2019-ലെ സ.ഉ.(സാധാ) നം.9823/2019/ധന പ്രകാരം യഥാക്രമം 40.01 ലക്ഷം, 21.91 ലക്ഷം, 2.35 ലക്ഷം രൂപ വീതം ആകെ 64.27 ലക്ഷം രൂപ പ്രളയ ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചിരുന്നു. പ്രസ്തുത അലോട്ട്മെന്റിൽ നിന്നും പ്രോജക്ട് വിഹിതം ചെലവഴിച്ചിട്ടില്ല. പ്രളയ ഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടാണ് മേൽ പട്ടികയിൽ അലോട്ട്മെന്റായി ചേർത്തിരിക്കുന്നത്. വികസന ഫണ്ടിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഓ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് | പ്രളയ ഫണ്ട് | ആകെ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 15,290,514/- | 357/20-389,706/-<br>380/20 -389,706/-<br>381/20 - 6,074/-<br>ആകെ-785,486/- | 16,076,000/- | 4,001,000/- | 20,077,000/- |
| വികസന ഫണ്ട്-SCP | 11,858,765/- | 358/20 -44,118/-<br>361/20 -44,117/-<br>ആകെ-88,235/- | 11,947,000/- | 2,191,000/- | 14,138,000/- |
| വികസന ഫണ്ട്-TSP | 574,000/- | - | 574,000/- | 235,000/- | 809,000/- |

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകലനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയോഗം 01.11.2018 ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 03.11.2018 ലും നടക്കുകയുണ്ടായി. പദ്ധതിരൂപീകരണഗ്രാമസഭ 17.11.2018 മുതൽ 22.11.2018 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 29.11.2018 ലെ വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 26.02.2019ലെ യോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു.വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 31.12.2018 ലെ 2707/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 322 | 129423813 | 201 | 57523799 | 30 | 121 | 53 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ തരിശുഭൂമി കൃഷിയോഗ്യമാക്കിയത് കുറിച്ചി ഗ്രാമപഞ്ചായത്തിലാണ്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപതികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം മൂന്നാംഘട്ടം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു. വെറ്റിനറി സർജൻ, അസിസ്റ്റന്റ് സർജൻ എന്നിവരുടെ പ്രോജക്ട് നിർവ്വഹണം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയായിരുന്നു.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാര സാധനങ്ങളുടെ ഗുണനിലവാരം ടെസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല.

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 7 | 7092559 | 3131832 | 44 |
| വെറ്ററിനറി സർജൻ | 25 | 15 | 7209200 | 2103235 | 29 |
| എം.ഒ (പിഎച്ച്സി) | 4 | 4 | 1124273 | 731659 | 65 |
| എം.ഒ (ആയുർവേദം) | 2 | 2 | 1600000 | 1600000 | 100 |
| വി ഇ ഒ I | 7 | 7 | 8345400 | 5111400 | 61 |
| വി ഇ ഒ II | 8 | 7 | 32136150 | 10067675 | 31 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 4 | 5895373 | 4371356 | 74 |
| സെക്രട്ടറി | 35 | 23 | 13999695 | 6747025 | 48 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 201 | 115 | 45367417 | 19880752 | 44 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 600000 | 281637 | 47 |
| ഹെഡ്മാസ്റ്റർ | 5 | 4 | 746626 | 475346 | 64 |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 12 | 5307120 | 3021882 | 57 |
| ആകെ | 322 | 201 | 129423813 | 57523799 | 53 |

അംഗീകാരം കിട്ടിയ 322 പ്രോജക്ടുകളിൽ 201എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 44 ശതമാനമാണ് ചെലവ്. നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ, കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണപ്രവൃത്തികൾ, തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ. റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 201 പ്രോജക്ടുകളിൽ 55% പ്രോജക്ടുകൾ പോലും തൻവർഷം പൂർത്തീകരിച്ചില്ല. ആകെ അംഗീകാരം ലഭിച്ച 201 പ്രോജക്ടുകളിൽ 34 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. ആയതിൽ 7 എണ്ണം നടപ്പാക്കിയില്ല. ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത , തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്ന എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

<u>ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല</u>

തൻവർഷം ടെണ്ടർ ചെയ്ത 201 പ്രവൃത്തികളിൽ 25 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് 2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. അതിൽ ഒരാൾ പുറത്തുവച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളും ക്വാട്ട് ചെയ്ത നിരക്കും പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തുന്നില്ല എന്ന് വ്യക്തമാണ്. ഓഡിറ്റ് നിരീക്ഷണം ഭരണ സമിതിയുടെയും കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്തി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കി അറിയിക്കേണ്ടതുമാണ്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്.നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ

എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

ലോക്ഡൗണിനെ തുടർന്ന് ബില്ലുകൾ യഥാസമയം മാറുന്നതിന് സാധിക്കാതിരുന്നതിനാലും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ 20,780,178 രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 16,076,000/- | 14,295,940/- | 1,780,060/- |
| വികസന ഫണ്ട്-എസ്.സി.പി. | 11,947,000/- | 7,227,603/- | 4,719,307/- |
| വികസന ഫണ്ട്- ടി.എസ്.പി. | 574,000/- | 387,622/- | 186,378/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 12,290,030/- | 5,835,628/- | 6,454,402/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 9,301,000/- | 3,544,180/- | 5,756,820/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 4,743,000/- | 2,859,789/- | 1,883,211/- |
| ആകെ | | | 20,780,178 |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 ലേബർ ബജറ്റ് പ്രകാരം ആകെ 589 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 228 പദ്ധതികളിൽ 181 എണ്ണം പൂർത്തീകരിച്ചു. 2019-20 വർഷം 14 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 59042തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 50.20 ആണ്. 1174 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്ക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18480466 | 18480466 | 18480466 | 0 |
| കാഷ് | 18543.50 | 564526 | 583069.50 | 326147 | 256922.50 |
| ആകെ | 18543.50 | 19044992 | 19063535.50 | 18806613 | 256922.50 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം കറിച്ചി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 113,280/- | 131 |
| വാർദ്ധക്യകാലപെൻഷൻ | 14,770,800/- | 2664 |
| കർഷകതൊഴിലാളി പെൻഷൻ | 4,326,000/- | 757 |

| | | |
|---|---|---|
| വിധവാപെൻഷൻ | 6,127,200/- | 1100 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 146,400/- | 32 |
| വികലാംഗപെൻഷൻ | 2,130,100/- | 396 |
| വിവാഹ ധനസഹായം | 60,000/- | 2 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചവർക്ക് 1,000/- രൂപ വീതം ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2019-20 വർഷം ഈയിനത്തിൽ 27,000/- രൂപ ചെലവഴിച്ചിട്ടുണ്ട്(കണക്ക് ശീർഷകം 160100399).

1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 27/08/2021-ന് 03:10 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 18,676/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലനിൽക്കുന്നു. സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടില്ല

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>8) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23/04/2021-24/04/2021 | 2020-21 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 26/07/2016-10/08/2016 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ എച്ച്.ക്യു/II/8A-2489/195 തീയതി 06/10/2016 |

<u>1-11 രസീത് ബുക്ക് ഉപയോഗത്തിലെ അപാകതകൾ</u>

ഇപ്ലിമെന്റിംഗ് ഓഫീസറായ വെറ്റിനറി സർജന് നൽകിയ രസീത് ഉപയോഗിച്ച് കളക്ട് ചെയ്ത തുക(ഗുണഭോക്തൃവിഹിതം) ഒടുക്ക് വരുത്തിയപ്പോൾ ചില ദിവസങ്ങളിൽ കൂടുതലായും ചില ദിവസങ്ങളിൽ കുറവായിട്ടുമാണ് ഒടുക്ക് വരുത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | കളക്ട് ചെയ്ത തുക | ഒടുക്കിയ തുക | ഒടുക്കിയതിൽ കുറവ്/ കൂടുതൽ | തുക ഒടുക്കിയ തീയതി |
|---|---|---|---|---|
| 56/42222 മുതൽ 100/42222 | 130200 | 128300 | 1900 കുറവ് | 28/01/2020 |
| 1/42224 മുതൽ 20/42224 | 158550 | 156350 | 2200 കൂടുതൽ | 10/02/2020 |
| 21/42224 മുതൽ 28/42224 | 81300 | 80750 | 550 കൂടുതൽ | 19/02/2020 |
| 29/42224 മുതൽ 70/42224 | 72350 | 61200 | 11150കുറവ് | 12/03/20 |

മേൽ സൂചിപ്പിച്ച പട്ടികയിൽ കുറവ് വന്ന തുകയായ 10300 രൂപ ( (11150+1900)-(2200+550)= 10300) 18/04/2020 ൽ ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിലും കളക്ട് ചെയ്ത തുക ഒടുക്കിയതിൽ കുറവ്/ കൂടുതല്

സംഭവിക്കുന്നതിന്റെ സാംഗത്യം ഓഡിറ്റിന് ബോധ്യമാകുന്നില്ല.

2 . രസീത് പ്രകാരം വരവ് വന്ന തുക എന്നാണ് കളക്റ്റ് ചെയ്തത് എന്ന് രസീതിലോ കളക്ഷൻ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു

| വരവ് വന്ന തുക എന്നാണ് കളക്റ്റ് ചെയ്തത് എന്ന് രേഖപ്പെടുത്താത്ത രസീത് നമ്പർ | കളക്റ്റ് ചെയ്ത തുക | ഒടുക്കിയ തീയതി |
|---|---|---|
| 56/42222 മുതൽ 100/42222 | 128300 | 28/01/2020 |
| 93/42224 മുതൽ 100/42224 & 01/42223 മുതൽ 08/42223 | 12000 | 27/03/2020 |
| 09/42223 മുതൽ 18/42223 | 5500 | 31/03/2020 |
| 19/42223 | 26000 | 13/04/2020 |
| 20/42223 മുതൽ 22/42223 | 11950 | 18/04/2020 |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 05/2019-20, തീയതി - 01/09/2021 ) മറുപടി ലഭ്യമാക്കിയില്ല .

കളക്റ്റ് ചെയ്ത തുക യഥാസമയം ഒടുക്കാത്തതിന്റെ കാരണം അറിയിക്കുക . നൽകുന്ന രസീതിൽ തീയതി രേഖപ്പെടുത്തേണ്ടതും രസീത് ഉപയോഗിച്ച് കളക്റ്റ് ചെയ്യുന്ന തുക യഥാസമയം തന്നെ ഒടുക്ക് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്

## 1-12 അടിസ്ഥാനവസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 5-ാം വാർഡിൽ മാധവൻ നായർ ലക്ഷ്മിവിലാസം എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടത്തിന്റെ 230.92 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 5/595 എ എന്ന കെട്ടിടനമ്പർ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ 30/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2019-20 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന് 100 ച,മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി നിർണ്ണയിക്കാത്തതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ മാത്രം 4618 രൂപയുടെ കുറവ് വരുന്നു. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (15/8.9.21) യുടെ മറുപടിയിൽ

തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 വിമുക്തഭടന്മാർക്ക് വസ്തുനികുതി ഇളവ്- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

തദ്ദേശസ്വയംഭരണ (ആർ സി )വകുപ്പിന്റെ 26/05/2017 ലെ സ.ഉ (കൈ)നം.106 /17 ലെ ഖണ്ഡിക 6 പ്രകാരം കെട്ടിടനികുതി ഇളവിന് അർഹരായ വിമുക്തഭടന്മാർക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്നും കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്നപക്ഷം പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്നും ഖണ്ഡിക 7 പ്രകാരം കെട്ടിടനികുതി ഇളവ് സംബന്ധിച്ച ക്രമക്കേട് കണ്ടെത്തുന്ന വിവരം രേഖപ്പെടുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി -കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക B9 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ 1083440/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക നികുതി പൂർണ്ണമായി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി നിർണ്ണയം - തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഡേറ്റ പ്യൂരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം 17-ാം വാർഡിൽ ഡേറ്റ പ്യൂരിഫിക്കേഷൻ പെൻഡിംഗ് ഉള്ളതായി കാണുന്നില്ല. എന്നാൽ സഞ്ചയ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 17-ാം വാർഡിൽ കെ.സി സേവ്യർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള 192.31ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് (നം. 17/545 /A, 17/545 /B, 17/545 /C.17/545/D) വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 30/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2018-19 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, ഫാറം-6 എന്നിവ പ്രകാരം കെട്ടിടം വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിനുള്ളതാണെന്നു കാണുന്നു. ടി കെട്ടിടത്തിന് 100 ച,മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി നിർണ്ണയിക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/09.09.2021 ) ടി കെട്ടിടത്തിന് 100 ച,മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി നികുതി പുനക്രമീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

1)ഗ്രാമപഞ്ചായത്തിന്റെ 14-ാം വാർഡിൽ സെക്രട്ടറി, ഇത്തിത്താനം ജനത സർവീസ് സഹകരണ ബാങ്കിന്റെ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടത്തിന്റെ 100.8 ച.മീറ്റർ തറവിസ്തീർണ്ണത്തിന് 14/ 252 ,14/ 252 എ എന്നീ കെട്ടിടനമ്പർ നൽകി വാണിജ്യാവശ്യത്തിനുള്ള 100 ച,മീറ്റർ വരെ തറവിസ്തീർണ്ണമുള്ള

കെട്ടിടത്തിന് ബാധകമായ 30/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി 2019-20 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. .

എ. കെട്ടിടത്തിന് 100 ച,മീറ്ററിൽ മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ 50/- രൂപ അടിസ്ഥാന നികുതിനിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചില്ല..

ബി.കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ പ്രകാരം തറവിസ്തീർണ്ണം നിലവിലുള്ള കെട്ടിടം ഉൾപ്പെടെ 230.84ച.മീ (നിലവിലുള്ളത്-87.40 ച.മീ, GF-28.02 ച.മീ, FF-115.42 ച.മീ ) ആണ്. മേൽപ്പറഞ്ഞ കെട്ടിടനമ്പരുകൾ നൽകി നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ തറവിസ്തീർണ്ണം വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

സി.കെട്ടിടത്തിന് കാലപ്പഴക്കത്തിന്റെ ഇളവ് നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.17/09.09.21 ) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ പൂർത്തീകരിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിന്റെ 4-ാം വാർഡിൽ ബിന്ദു സാജൻ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും വാണിജ്യാവശ്യത്തിനുള്ള ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടത്തിന് 4/408 D എന്ന കെട്ടിടനമ്പർ നൽകി 2019-20 രണ്ടാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ളാനിൽ നിലവിലുള്ളതായി രേഖപ്പടുത്തിയിട്ടുള്ള 4/408 B എന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 328.49 ച.മീ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 253.5 ച.മീ എന്നാണ് കാണുന്നത്. കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ളാൻ പ്രകാരം ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഈ കെട്ടിടങ്ങൾ സഞ്ചയ പ്രകാരം 4/408 D പ്രഥമമേഖലയിലും 4/408 B ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. 4/408 B എന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ,മേഖല എന്നിവയിൽ വ്യക്തത വരുത്തി വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം. 17/ 09.09.2021 ) മറുപടി യിൽ കെട്ടിടങ്ങൾ പ്രഥമമേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്നും മേഖലാ ഇളവ് പുനപരിശോധിച്ച് നികുതി പുനക്രമീകരണം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

<u>1-18 വസ്തുനികുതി ഇളവ് -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല</u>

സഞ്ചയ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ ആരാധനാലയം, നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നീ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുത്തിയ ചില കെട്ടിടങ്ങളുടെ നികുതി ഇളവ് ചെയ്ത് നൽകിയതിന്റെ വിവരങ്ങളിൽ നികുതി ഇളവ് ചെയ്ത് നൽകിയിട്ടില്ല എന്നാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനമ്പർ | തറവിസ്തീർണ്ണം |
|---|---|---|
| 1 | 20/310 | 200 ച.മീറ്റർ |
| 2 | 1/232 | 300ച.മീറ്റർ |
| 3 | 5/384 | 190 ച.മീറ്റർ |
| 4 | 5/231 | 250ച.മീറ്റർ |
| 5 | 5/397 | 120ച.മീറ്റർ |
| 6 | 10/73 | 432 ച.മീറ്റർ |
| 7 | 19/399 | 300 ച.മീറ്റർ |
| 8 | 19/401 | 640 ച.മീറ്റർ |

മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വസ്തുനികുതി ഇളവിന് അർഹതയുള്ളവയാണോയെന്ന് പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 / 09.09.2021)

ഫീൽഡ് പരിശോധന നടത്തി ഇളവ് സംബന്ധിച്ചുള്ള തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ക്രമനമ്പർ 4 പ്രകാരമുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവ ഉൾപ്പെടെ ഇപ്രകാരമുള്ള മറ്റു കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവയുടെയും വിശദാംശങ്ങൾ പരിശോധിച്ച് തുടർ നടപടികൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-19 വസ്തുനികുതി- കളക്ഷൻ തുക സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

2019-20 വർഷത്തെ വസ്തുനികുതി കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ, സാംഖ്യ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ | 6298709 | 5258278 | 1040431 |
| സാംഖ്യ | 6298709 | 5266861 | 1031848 |

കളക്ഷൻ തുകയിൽ ഇപ്രകാരം വ്യത്യാസം വരുന്നതെങ്ങനെയെന്ന് വ്യക്തമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഒാരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.

1.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഇത്തിത്താനം സർവീസ് സഹകരണബാങ്ക് നം.1297 |
| 2 | ഇത്തിത്താനം സർവീസ് സഹകരണബാങ്ക് നം 476 |
| 3 | മുത്തൂറ്റ് ഫിനാൻസ് |
| 4 | മധുരൈ മൈക്രോഫിനാൻസ് |
| 5 | ഫ്ലോറാടെക്സ് റബ്ബർ & പ്ലാസ്റ്റിക്സ് |
| 6 | യുണൈറ്റഡ് റബ്ബർ പ്രോഡക്ട്സ് |
| 7 | ജ്യൂപ്പിറ്റർ റബ്ബേഴ്സ് |
| 8 | അന്നാ സ്റ്റീൽസ് |
| 9 | മരിയൻ ഇൻഡസ്ട്രീസ് |
| 10 | ഷാരോൺ പോളിമേഴ്സ് |
| 11 | എയ്ഞ്ചൽ റബേഴ്സ് |
| 12 | കോൺകോർഡ് അസോസിയേറ്റ്സ് |
| 13 | ലീ അസോസിയേറ്റ്സ് |
| 14 | എംബിഎം ഇൻഡസ്ട്രീസ് |
| 15 | മാർഷൽ റബേഴ്സ് |
| 16 | അറക്കത്തറ റബ്ബർ ഇൻഡസ്ട്രീസ് |

| | |
|---|---|
| 17 | മലകുന്നം ക്ഷീരോത്പാദക സഹകരണസംഘം |
| 18 | സചിവോത്തമപുരം ക്ഷീരവ്യവസായ സഹകരണസംഘം |
| 19 | ഐറിൻ റബേഴ്സ് |
| 20 | കൂടത്തിങ്കൽ ഫിനാൻസിയേഴ്സ് |
| 21 | റ്റീജെ ഇൻഡസ്ട്രീസ് |
| 22 | ഇഎസ്ഐ ഡിസ്പെൻസറി |
| 23 | ഹോമിയോപ്പതിക് റിസർച്ച് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |

2.പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,കരാറുകാർ മുതലായയവയെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (6/2.9.21 )യുടെ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

<u>1-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്.ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഫെഡറൽ ബാങ്ക് ,കുറിച്ചി |
| 2 | കുറിച്ചി സർവീസ് സഹകരണ ബാങ്ക് .കരുനാട്ടുമല |
| 3 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് |
| 4 | എസ് ബി ഐ കുറിച്ചി |
| 5 | ഇത്തിത്താനം സർവീസ് സഹകരണ ബാങ്ക് |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെയും ടി സ്ഥാപനങ്ങളുടെ ഒന്നിലധികം ബ്രാഞ്ചുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയുടെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (6 /2.9.21 )മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും സ്ഥാപനതൊഴിൽ അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

<u>1-22 തൊഴിൽനികുതി ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്ന് നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ ഓഫീസ് മേധാവി / സ്ഥാപന ഉടമ

സമർപ്പിക്കുന്ന ലിസ്റ്റ് പരിശോധിച്ചതിൽ രണ്ട് അർദ്ധവർഷങ്ങളിലും രാജാസ് ഇന്റർ നാഷണൽ സ്കൂൾ എന്ന സ്ഥാപനത്തിന്റെ തൊഴിൽനികുതി പത്രികയിൽ അടിസ്ഥാനശമ്പളമായി രേഖപ്പെടുത്തിയിരിക്കുന്ന തുക തന്നെ അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തൊഴിൽനികുതിയുടെ കൃത്യത ഉറപ്പുവരുത്തിയതെങ്ങനെയെന്ന് വ്യക്തമല്ല. ഭൂരിഭാഗം ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കിയിരിക്കുന്നത് 300, 450 രൂപ നിരക്കിലാണ് .വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (7/2.9.21 )യുടെ മറുപടിയിൽ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈടാക്കുന്ന തൊഴിൽ നികുതിയുടെ കൃത്യത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 വാടക കുടിശ്ശിക 16320 രൂപ ഈടാക്കാൻ അവശേഷിക്കുന്നു .

ചുവടെ ചേർക്കുന്ന കടമുറിയുടെ വാടക 2018-19 , 2019-20 വർഷങ്ങളിൽ ഈടാക്കിയിട്ടില്ല

| റൂം നമ്പർ | വാടകക്കാരന്റെ പേര് | കുടിശ്ശിക കാലയളവ് | ഈടാക്കാനുള്ള വാടക |
|---|---|---|---|
| 5 | മനു പി മണിയപ്പൻ , പരവൻപറമ്പിൽ, ഇത്തിത്താനം | 2018-19 - 7956<br>2019-20 - 8364 | 16320 |

ടിയാൾക്ക് തന്നെ 2020-21 വർഷവും പ്രസ്തുത കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടിയാൾ കുടിശ്ശിക വരുത്തിയ തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 04/2019-20, തീയതി - 01/09/2021 ) ടിയാനിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കിയതിന്റെ യാതോരു രേഖകളും ലഭ്യമാക്കിയില്ല. ടിയാളിൽ നിന്നും വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കുടിശ്ശിക വരുത്തുന്ന വ്യക്തികൾക്ക് തന്നെ തുടർന്നും കെട്ടിടം വാടകയ്ക്ക് നൽകുന്ന നടപടി ഒഴിവാക്കേണ്ടതാണ്.

## 1-24 വാടക - പൊതുഅപാകതകൾ

2019-20 വർഷത്തെ വാടക ഇനത്തിലുള്ള വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. റൂം നമ്പർ 3, റൂം നമ്പർ 11 എന്നീ മുറികൾക്ക് വാടകക്കാരുമായി നിയമാനുസൃത എഗ്രിമെന്റ് ചമച്ചിട്ടില്ല . കൂടാതെ മറ്റ് വാടകക്കാർ ഹാജരാക്കിയ മുദ്രപത്രത്തിൽ യാതൊരുവിധ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല(റൂം നമ്പർ 13 ഒഴികെ ).കൃത്യമായ കരാറിന്റെ അഭാവത്തിൽ പഞ്ചായത്ത് വക മുറികൾ വാടകയ്ക്ക് നൽകുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കും.

2 . 2019-20 വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. വാടക രജിസ്റ്ററിൽ ലഭിച്ച വാടക സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തൽ വരുത്തിയിരുന്നില്ല ( ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് രേഖപ്പെടുത്തൽ വരുത്തി )

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 04/2019-20, തീയതി - 01/09/2021 ) അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി . മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഓഫീസ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

## 1-25 ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .

കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ, ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയവ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ച വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ജോൺസൺ | വർക്ക് ഷോപ്പ് |
| 2. | അരവിന്ദ് | എ സി സർവ്വീസ് |
| 3. | സലികുമാർ | പച്ചക്കറി വ്യാപാരം |
| 4 | രഘു പി ആർ | ബാർബർ ഷോപ്പ് |
| 5 | കെ എസ് റെജി | കള്ള് ഷാപ്പ് |
| 6 | കെ എ ബേബി | റേഷൻ കട |
| 7 | ജോമ റെജി | ലെനോവ ബ്യൂട്ടിക് |
| 8 | ഷാജി ടി എസ് | സ്റ്റേഷനറി |

മേൽ സൂചിപ്പിച്ചവ കൂടാതെ പഞ്ചായത്ത് പരിധിയിൽ വരുന്ന മറ്റ് റേഷൻ കടകൾ , ഷാപ്പുകൾ തുടങ്ങിയവയിൽ നിന്നും 2019-20ൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല . 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടിക (പട്ടിക 1 ക്രമനം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ ഒരെണ്ണം പോലും പഞ്ചായത്തിന്റെ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നില്ല . റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -10/2019-20 തീയതി 06.09.2021) ലൈസൻസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.മേൽ സൂചിപ്പിച്ചവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

### 1-26 മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി

മോട്ടോർ ഫീ ഈടാക്കിയില്ല

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട്. എന്നാൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീസ് |
|---|---|---|---|---|---|
| 1 | 17 | ജൂബി അലക്സ് | ഫിലിപ്പ് ആട്ടോ കെയർ പെട്രോൾ പമ്പ് | 3എച്ച്പി | 50 |
| 2 | 19 | സുജിത്ത് എൻ നായർ | ചേരിയിൽ ബ്രിക്സ് | 9എച്ച്പി | 100 |
| 3 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 100 |
| 4 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 100 |
| 5 | 17 | ബിനു കുരുവിള | ഹോളോബ്രിക്സ് നിർമ്മാണം | 9എച്ച്പി | 100 |
| 6 | 7 | ഷിബി എലിസബത്ത് കുരുവിള | മരിയൻ ഇൻഡസ്ട്രീസ് | 9എച്ച്പി | 100 |
| 7 | 3 | തോമസ് കെ കുര്യൻ | കോൺകോഡ് അസോസിയേറ്റ്സ് | 9എച്ച്പി | 100 |
| 8 | 4 | തോമസ് കെ കുര്യൻ | തേഹെ ഇൻഡസ്ട്രീസ് | 8എച്ച്പി | 100 |
| 9 | 5 | ബാബു റ്റി വി | സെന്റ് മേരീസ് ഫ്ലോർ മിൽ | 10എച്ച്പി | 200 |
| 10 | 3 | മനോജ് മാത്യു | പാലത്ര ഇൻഡസ്ട്രീസ് | 20എച്ച്പി | 300 |
| 11 | 4 | സ്കറിയ പുന്നൂസ് | പെനി ഐസ് പ്ലാന്റ് | 108എച്ച്പി | 1000 |
| 12 | 14 | പി കെ ധർമ്മപാലൻ | അനു ടിംബേഴ്സ് , സോ മിൽ | 45എച്ച്പി | 500 |
| 13 | 17 | എൻ സി ഫിലിപ്പ് | യുണൈറ്റഡ് റബർ ഇൻഡസ്ട്രീസ് | 96എച്ച്പി | 1000 |
| ആകെ | | | | | 3750 |

മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ | വാർഡ് | ഉടമസ്ഥന്റെ | സ്ഥാപനത്തിന്റെ | ഉപയോഗിക്കുന്ന | ഈടാക്കേണ്ട | ഈടാക്കിയ | കുറവ് |
|---|---|---|---|---|---|---|---|

| നം. | | പേര് | പേര് | മോട്ടോർ | തുക | തുക | |
|---|---|---|---|---|---|---|---|
| 1 | 16 | പുന്നൂസ് കുട്ടി പി ചെറിയാൻ | പള്ളത്ത് ഐസ് പ്ലാന്റ് | 87എച്ച്.പി | 1000 | 500 | 500 |
| 2 | 2 | തോമസ് എബ്രഹാം | തോംസൺ റബ്ബേഴ്സ് | 40എച്ച്.പി | 400 | 200 | 200 |
| 3 | 13 | ഗോപകുമാർ സി സി | സോ മിൽ | 34എച്ച്.പി | 400 | 200 | 200 |
| ആകെ | | | | | | | 900 |

നിയമാനുസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -10/2019-20 തീയതി 06.09.2021) മോട്ടോർ ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമാനുസൃതമായ മോട്ടോർ ഫീസ് കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ലൈസൻസ് ഫീസ് - പൊതുഅപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും ട്രേഡറുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല.

2.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

3. കളക്ഷൻ സംബന്ധിച്ച യാതോരു വിവരങ്ങളും രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -10/2019-20 തീയതി 06.09.2021)അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് മറുപടി നൽകി . മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഓഫീസ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

## 1-28 ഇ-ടെന്റർ ഫോം വില പഞ്ചായത്തിന് ലഭിച്ചില്ല

2019-20 വർഷങ്ങളിൽ കുറിച്ചി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ഇ ടെണ്ടർ ചെയ്ത പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നമ്പർ & പ്രോജക്ടിന്റെ പേര് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|
| 1. | 121/20- കുവപ്പാടം കൊല്ലമറ്റം റോഡ് കോൺക്രീറ്റിംഗ് വാർഡ് -10 | 3 | 1182 | 3546 |
| 2 | 124/20-ശ്രീരാമസ്വാമിക്ഷേത്രം ചേലയറ ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് -6 | 2 | 1182 | 2364 |

| | | | | |
|---|---|---|---|---|
| 3 | 162/20-അംഗനവാടി 148 ന് കെട്ടിട നിർമ്മാണം വാർഡ് -15 | 1 | 2364 | 2364 |
| 4 | 201/20-ആയുർവേദ ഡിസ്പെൻസറിക്ക് മേൽക്കൂര നിർമാണം | 2 | 2364 | 4728 |
| 5 | 162/20-അംഗനവാടി 148 ന് കെട്ടിട നിർമ്മാണം വാർഡ് -15 (റീ ടെണ്ടർ) | 1 | 2364 | 2364 |
| | ആകെ | | | 15366 |

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലുള്ള ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 15366/ - രൂപ ഈ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് (കറണ്ട് അക്കൗണ്ട് നമ്പർ- 37705475369 , SBI കുറിച്ചി ) ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും ഈ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 ബാലസഭ പ്രവർത്തനങ്ങൾ നടത്തിയില്ല

പ്രോജ. നം. 19/2019-20, ബാലസഭ പ്രവർത്തനങ്ങൾ

അടങ്കൽ -50000/-

ചെലവ് - 50000/- {വി.ഫ}

ബിൽ നം. - 6/6.11.2019

ബാലസഭ പ്രവർത്തനങ്ങൾക്കായി മേൽ ബിൽ പ്രകാരം 50000/- രൂപ പദ്ധതി വിഹിതം കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് (A/C No.67154289124) തൻവർഷം കൈമാറുകയുണ്ടായി. എന്നാൽ ടി തുക പൂർണ്ണമായിത്തന്നെ കുടുംബശ്രീയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ബാലസഭാ പ്രവർത്തനങ്ങൾക്കായി തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2019-20 തീ.) കോവിഡ് സാഹചര്യം നിലനിൽക്കുന്നതിനാലാണ് ഈയിനത്തിൽ തുക ചെലവഴിക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യം മാറുന്ന മുറയ്ക്ക് ബാലസഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-30 പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം - അർഹമായതിലും അധിക ധനസഹായം നൽകി

പ്രോജ. നം.222/2019-20, പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം (സ്പിൽഓവർ)

അടങ്കൽ - 75000/-

ചെലവ് - 75000/- (എസ്.സി.പി)

ബിൽ നം. - 1/2019-20 തീ.22.05.2019

സ്പിൽഓവറായി 2019-20 വർഷം നടപ്പാക്കിയ ടി പ്രോജക്ടിൽ ആകെ 3 ഗുണഭോക്താക്കളുള്ളതിൽ താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ/ തീ.14.02.2018 ഖ.7.2.5 പ്രകാരം അനുവദിക്കപ്പെട്ടതിലും അധികമായി ധനസഹായം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിച്ച കോഴ്സ് | അർഹമായ സ്കോളർഷിപ്പ് | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അഞ്ജന ബിജു, മാലക്കുന്നം, കുറിച്ചി | ബി.എസ്.സി(നേഴ്സിംഗ്) | 20000 | 25000/-(ബിൽ നം.1/22.5.2019) | 5000 |
| ജിഷ രാജു, കടപ്പിൽ പറമ്പിൽ, എസ്. പുരം പി.ഒ, കുറിച്ചി | ബി.എസ്.സി(നേഴ്സിംഗ്) | 20000 | 25000/-(ബിൽ നം.1/22.5.2019) | 5000 |
| ആകെ | | | | 10000/- |

മേൽപ്പറഞ്ഞ 2 വിദ്യാർത്ഥികളും കേരളത്തിലെ നേഴ്സിംഗ് കോളേജുകളിലാണ് നേഴ്സിംഗ് കോഴ്സ് പഠിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം എം.ബി.ബി.എസ്, എഞ്ചിനീയറിംഗ് ഒഴികെയുള്ള മറ്റ് ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിനുള്ളിൽ 20000/- രൂപ മാത്രമാണ് ധനസഹായം നൽകാവുന്നത്. അധികമായി ധനസഹായം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/2019-20) നിർധനരായ ഗുണഭോക്താക്കളായതിനാൽ അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ സാധിക്കില്ലായെന്നും നിർവഹണ ഉദ്യാഗസ്ഥൻ മറുപടി നൽകി. അധികമായി ചെലവഴിച്ച 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി അറിയിക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 1-31 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - ചെലവ് വിവരങ്ങൾ കൃത്യമല്ല

പ്രോജ. നം.9/2019-20, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ - 1800000/-

ചെലവ് - 1250000/- (എസ്.സി.പി)

പ്രോജ നം.245/2020-21 (പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി, സ്പിൽ ഓവർ)

അടങ്കൽ – 350000/-

ചെലവ് – 240000/-(എസ്.സി.പി)

ഒരു വിദ്യാർത്ഥിയ്ക്ക് 200000/- രൂപ പഠനമുറി നിർമ്മാണത്തിന് നൽകാനായിരുന്ന പ്രോജക്ട് വിഭാവനം ചെയ്തത്. 2019-20 വർഷം ടി പ്രോജക്ടിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ കൃത്യമല്ല. സാമ്പത്തികവർഷാവസാനം ചെലവ് കണക്കുകകൾ ക്ലോസ് ചെയ്യുന്നില്ല. തൻവർഷ പ്രോജക്ടിനോടൊപ്പം ക്യൂ ബില്ലായി മാറിയ ബില്ലുകളും സ്പിൽഓവറായ ബില്ലുകളും ഇടകലർത്തി സൂക്ഷിച്ചിട്ടുള്ളതിനാൽ 2019-20 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. പ്രോജക്ടിൽ തൻവർഷം മാറിയ ട്രഷറി ബില്ലുകളുടെ സംക്ഷിപ്തം തയ്യാറാക്കി ബിൽ നമ്പർ ക്രമത്തിൽ ഫയൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററിൽ പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര്, തൻവർഷപ്രോജക്ട് /സ്പിൽഓവർ പ്രോജക്ട്, ചെലവ്, പണി പൂർത്തീകരണം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഒരു വർഷം നൽകിയ ആനുകൂല്യത്തിന്റെ ബാക്കി തുക തൊട്ടടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുമ്പോൾ പ്രോജക്ട് സ്പിൽഓവർ ആവുകയും പ്രോജക്ട് നമ്പർ, അടങ്കൽ, സാമ്പത്തിക വർഷം തുടങ്ങിയ അടിസ്ഥാന വിവരങ്ങളിൽ മാറ്റം വരികയും ചെയ്യുന്നു. എന്നാൽ ടി വിശദാംശങ്ങളൊന്നും രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്താതെ തുടർച്ചയായി കൈപ്പറ്റുന്ന തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഏത് പ്രോജക്ടിലാണ് ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റുന്നതെന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ല. കൃത്യമായ ഫയലിംഗിന്റെ അഭാവത്താൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളെല്ലാം പണി പൂർത്തിയാക്കിയോ എന്ന്

പരിശോധിക്കാനായിട്ടില്ല. ടി പ്രോജക്ടിൽ ആനുകൂല്യം കൈപ്പറ്റിയ പല ഗുണഭോക്താക്കളും പണി പൂർത്തിയാക്കിയതായി രേഖയില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | വിദ്യാർത്ഥിയുടെ പേര് | കൈപ്പറ്റിയ തുക | വാല്യുവേഷൻ |
|---|---|---|---|
| മനോജ്.സി.എം | മിഥുല മനോജ് | 150000 | ലഭ്യമല്ല |
| സോമോൾ | പ്രജീഷ് | 150000 | ലഭ്യമല്ല |
| ബൈജു.സി.ജി | ശ്രീലക്ഷ്മി | 150000 | ലഭ്യമല്ല |
| സോന രാമകൃഷ്ണൻ | സൂരജ് കൃഷ്ണന് | 150000 | ലഭ്യമല്ല |
| ലാലു.കെ.ഡി | ചന്ദനലാൽ | 150000 | ലഭ്യമല്ല |
| പ്രസാദ്.പി.പി | കൃഷ്ണപ്രസാദ് | 100000 | ലഭ്യമല്ല |
| സാബു | ഗൗതം സാബു | 150000 | ലഭ്യമല്ല |
| അഭിലാഷ്.സി.കെ | അനഘ | 150000 | ലഭ്യമല്ല |

ടി ഗുണഭോക്താക്കൾ ബാക്കി ഗഡു കൈപ്പറ്റിയോ എന്നും പണി പൂർത്തിയാക്കിയോ എന്നും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/2019-20 തീ.31.8.2021) ഓഡിറ്റ് കാലയളവിൽ അസി. സെക്രട്ടറിമാരായി നാല് പേർ ചാർജ് ഉണ്ടായിരുന്നുവെന്നും തൻവർഷം ആദ്യ ഗഡുക്കൾ കൈപ്പറ്റിയവർ 2020-21 വർഷമാണ് പണി പൂർത്തിയാക്കിയതെന്നും ആയതിനാൽ ഫൈനൽ വാലുവേഷൻ 2019-20 ൽ ലഭിച്ചിട്ടില്ലായെന്നും മറുപടി ലഭിച്ചു. രജിസ്റ്ററിൽ പൂർത്തീകരണം സംബന്ധിച്ച് 2020-21 ൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല. പ്രോജക്ട് ചെലവുകൾ സാമ്പത്തിക വർഷാവസാനം ക്ലോസ് ചെയ്യുകയും സ്പിൽ ഓവറാകുമ്പോൾ മുൻ പ്രോജക്ട് വിശദാംശങ്ങൾ പൂർണ്ണമായി ഫയലിലും രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സി.പി.ആർ.സി.എസ് മുഖേന വാങ്ങൽ - ഉത്പ്പന്നത്തിന്റെ യഥാർത്ഥ വില കെൽട്രോൺ ബില്ലിൽ പ്രതിഫലിക്കുന്നില്ല - തുകയിൽ വ്യത്യാസം

പ്രോജ.നം.154/2019-20, എസ്.റ്റി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്
അടങ്കൽ -30000/- (റ്റി.എസ്.പി)
ചെലവ് - 27722/- (റ്റി.എസ്.പി)
ബിൽ നം. 20/6.02.2020

ടി പ്രോജക്ടിൽ സി.പി.ആർ.സി.എസ് മുഖേന കെൽട്രോൺ വഴിയാണ് ഒരു ലാപ് ടോപ് വാങ്ങിയിട്ടുള്ളത്. പ്രോജക്ട് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലെനോവൊ ലാപ് ടോപ്പിന് ലെനോവോ കമ്പനി കെൽട്രോണിന് നൽകിയ ടാക്സ് ഇൻവോയ്സ് പ്രകാരം നികുതി ഉൾപ്പെടെ 26432/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതേ ഉൽപ്പന്നത്തിന് കെൽട്രോൺ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ബിൽ പ്രകാരം 27722/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബില്ലുകളിലെ വിലയിൽ വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3 /2019-20 തീ. ) വ്യക്തമായ വിശദീകരണം ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതോടൊപ്പം യഥാർത്ഥ വില നൽകി ഉൽപ്പന്നങ്ങൾ വാങ്ങാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ഗുണഭോക്താക്കളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്തില്ല

താഴെപ്പറയുന്ന പ്രോജക്ടുകളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഉരുക്കളെ ഇൻഷ്വർ ചെയ്തതായി രേഖയില്ല.

| പ്രോജ.നം., പേര് | ഗുണഭോക്താക്കളുടെ പേര് | ചെലവ് |
|---|---|---|
| 33/2019-20, കറവപ്പശു | 1.ഗീത സുരേന്ദ്രൻ | 806000/- |

| | | |
|---|---|---|
| വിതരണം<br>അടങ്കൽ - 1040000/-<br>(വി.ഫ +ഗ്ര.വി.)<br>ചെലവ് - 806000/-<br>(വി.ഫ – 312000+ ഗ്ര.വി. - 494000) | 2.കുഞ്ഞുമോൻ ഷാജി<br>3.മിനി നാരായണൻ കുട്ടി<br>4.അനി പ്രസന്നൻ<br>5.ലത കുമാരി<br>6.വൽസമ്മ സജി | (ബിൽ നം.139002/18.03.2020, 1139913/22.02.2020) |
| പ്രോജ. നം.354/2019-20, എസ്.റ്റി വനിതകൾക്ക് പെണ്ണാട്<br>അടങ്കൽ - 60000/-<br>(റ്റി.എസ്.പി)<br>ചെലവ് - 60000/-<br>(റ്റി.എസ്.പി) | 1.സജിത, വട്ടം ചിറയിൽ<br>2.രാജമ്മ.കെ.കെ<br>3.കല്യാണി, കലത്തുർ<br>4.രമ അനിയൻ, പ്ലാമറ്റം | 60000/-<br>(ബിൽ നം.1253322/12.2.2020, 1134011/23.1.2020) |
| പ്രോജ. നം.145/2019-20, എസ്.സി വനിതകൾക്ക് പെണ്ണാട്<br>അടങ്കൽ-3.3 ലക്ഷം<br>(വി.ഫ-2.4ലക്ഷം+തനത് - 7500+ഗ്ര.വി.-82500)<br>ചെലവ് - 93750/-<br>(വി.ഫ-56250+തനത് - 7500+ഗ്ര.വി.-30000) | 1.രമണി ചന്ദ്രൻ, കപ്പാംമൂട്ടിൽ<br>2.രാധാമണി.കെ.കെ, മുട്ടത്ത് കടവിൽ<br>3.ബിന്ദു ഗിരീഷ്, ചറയ്ക്കൽ<br>4.നിഷാ രാജു, അരപ്പറമ്പിൽ | 93750/-<br>(ബിൽ നം.22/26.2.2020, 20/8.2.2020, 19/6.2.2020) |

ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2019-20 ) ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുമെന്നറിയിച്ചെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അനുബന്ധരേഖകൾ ഹാജരാക്കുന്നത് വരെ മൂന്ന പ്രോജക്ടിനുമായി ചെലവഴിച്ച 959750/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-34 കൃഷി ഓഫീസർ 2019-20 ൽ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ</u>

നെൽകൃഷി വികസനം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിനെ വിത്ത് വാങ്ങി വിതരണം ചെയ്യാനുള്ള ചുമതല ഏൽപ്പിച്ചു - വിത്തു വിതരണ കണക്കിൽ പൊരുത്തക്കേടുകൾ

പ്രോജക്ട് നമ്പർ 26/2019-20, നെൽകൃഷി വികസനം -വിത്ത് വിതരണം
അടങ്കൽ - 1520000/-(വികസന ഫണ്ട്)
ചെലവ് - 1520000/-(വികസന ഫണ്ട്)
നിർവ്വഹണം -കൃഷിഓഫീസർ

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 026/2019-20 പ്രകാരം വികസനഫണ്ടിൽ നിന്നും 15.2 ലക്ഷം രൂപ 16 പാടശേഖരസമിതി വഴി 38554കി.ഗ്രാം നെൽ വിത്ത് വിതരണം നടത്തിയിട്ടുണ്ട്.

സ.ഉ (കൈ)നം 22/2018/തസ്വഭവ തീ 14/02/2018 പ്രകാരം കൃഷി വകുപ്പ്, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) എന്നിവിടങ്ങളിൽ നിന്നും യഥാർത്ഥ വില നല്കി വാങ്ങുന്ന വിത്ത് 100% സബ്സിഡിയോടെ കർഷകർക്ക് കൃഷിഭവൻ/ഇക്കോഷോപ്പ് വഴി പാടശേഖരസമിതികൾക്ക് വിതരണം ചെയ്യുന്നതിന് അനുമതിയുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ കൃഷി ഓഫീസർ പാടശേഖരസമിതിക്ക് വിത്ത് നല്കുന്നതിന് ഉള്ള അനുമതി പത്രം കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിന് നല്കുകയും ബാങ്ക് 39.50/- രൂപ വിലയുള്ള വിത്ത് സമിതിക്ക് നല്കുകയുമാണ് ചെയ്തിട്ടുള്ളത്.

പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് ലഭിക്കാവുന്ന പരമാവധി സബ്സിഡി തുക കിലോഗ്രാമിന് 40/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത വിത്തിന്റെ വില 39.50 രൂപയാണെന്ന് തെളിയിക്കുന്നതിന് നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നുള്ള ബില്ലിന്റെ പകർപ്പ് രേഖ ഫയലിൽ ലഭ്യമല്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2019-20 തീ. 6/9/2021) നാഷണൽ സീഡ് കോർപ്പറേഷൻ കുറിച്ചി സർവീസ് സഹകരണ ബാങ്കിന് നൽകിയ ബില്ലിന്റെ പകർപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭിച്ചു.
നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നും നേരിട്ടുവാങ്ങുമ്പോൾ ലഭിക്കേണ്ട ഡിസ്കൗണ്ട് തുകയുടെ നേട്ടം പഞ്ചായത്തിനോ ഗുണഭോക്താക്കൾക്കോ ലഭിച്ചിട്ടില്ല.
നെൽ വിത്ത് അംഗീകൃത ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തണമെന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഇടനിലയായി കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിനെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11) നെൽവിത്ത് നേരിട്ട് വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള ഗോഡൗൺ സൗകര്യമില്ലാത്തതിനാലാണ് ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയതെന്ന് മറുപടി ലഭിച്ചു.
കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് വാങ്ങി നൽകിയ വിത്തുകൾ വിവിധ പാടശേഖര സമിതികൾ കൈപ്പറ്റിയതായി രേഖയില്ല
കൂടാതെ കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിന്റെ വിതരണ രേഖകളും പാടശേഖര സമിതിയുടെ വിതരണ രേഖകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പാടശേഖര സമിതി | കുറിച്ചി സർവ്വീസ് സഹകരണ ബാങ്കിന്റെ 6.11.2019 ലെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്ത വിത്ത് (Kg) | പാടശേഖര സമിതിയുടെ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്ത വിത്ത് (Kg) |
|---|---|---|
| കാരിവട്ടം | 9600 | 9567 |
| ചിറക്കടവ് | 1600 | ലഭ്യമല്ല |
| കക്കുഴി | 100 | ലഭ്യമല്ല |
| കൃഷ്ണങ്കേരി | 1104 | ലഭ്യമല്ല |
| മണ്ണൻകര | 2960 | ലഭ്യമല്ല |
| എഫ് ബ്ലോക്ക് | 3650 | ലഭ്യമല്ല |
| മങ്കുഴി മറ്റത്തിൽ | 1000 | 932 |

ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/2019-20 തീ. ) ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റിലും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. നെൽവിത്തിന്റെ വില സംബന്ധിച്ച് നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്നുള്ള ആധികാരിക രേഖയില്ലാത്തതിനാൽ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് നൽകിയ ബില്ലിലെ തുകയുടെ കൃത്യത നിർണ്ണയിക്കാനായിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ഭാവിയിൽ പ്രോജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതും വിത്ത് വിതരണത്തിൽ സുതാര്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>1-35 ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.</u>

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ എസ്.സി വിഭാഗത്തിൽപ്പെട്ട 60 വയസിന് മേൽ പ്രായമുള്ളവർക്ക് കട്ടിൽ എന്ന പ്രോജക്ട് ( നം .238/20 ) പ്രകാരം 101700/- രൂപ (ബിൽ നമ്പർ- 1/30.04.2019 ) 30 കട്ടിലിന്റെ വിലയായി മുണ്ടികുന്നേൽ ഏജൻസീസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

എ.ടെണ്ടർ ക്ഷണിച്ചതിന്റെയും ലഭിച്ച ടെണ്ടറുകളുടെയും സപ്ളൈ ഓർഡർ നൽകിയതിന്റെയും വിശദാംശങ്ങൾ ഫയലിലില്ല. ലഭിച്ച കട്ടിലിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരം ഇൻവോയിസിൽ ഇല്ലാത്തതിനാൽ (കട്ടിൽ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് ) സർക്കാർ നിർദ്ദേശ പ്രകാരമുള്ള സ്പെസിഫിക്കേഷനുള്ള കട്ടിലാണോയെന്ന് വ്യക്തമല്ല.

വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.13 ) മറുപടിയിൽ 2018-19 വർഷം ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണെന്ന വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ ടി പ്രോജക്ടിനായി ചെലവഴിച്ച 101700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കന്ന് കുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

പ്രോജ. നം. 25/2019-20, കന്ന് കുട്ടി പരിപാലന പദ്ധതി
ചെലവ് - 375000/-
ബിൽ നം.17569/13.11.2019
കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിൽ 3.75 ലക്ഷം രൂപ (വി.ഫ. - 366820/-+തനത് ഫണ്ട് - 8180/-) അസി. ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് നൽകിയെങ്കിലും പദ്ധതി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/2019-20 തീ. 06.09.2021 ) പദ്ധതി നല്ല രീതിയിൽ നടക്കുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുമെന്നും അറിയിച്ചു. പദ്ധതിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കേണ്ടതും പ്രോജക്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യേണ്ടതുമാണ്. പ്രോജക്ട് പൂർത്തിയായശേഷം വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 ഡയറി ഫാം ഇൻസ്ട്രക്റ്ററുടെ പ്രോജക്ട് ചെലവ്-ബിൽ ബുക്ക് ലഭ്യമാക്കിയില്ല

2019-20 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(27/20) നം പ്രോജക്ടിന് ചെലവഴിച്ച തുക 4 ലക്ഷം രൂപയുടെ ചെലവിനാസ്പദമായ ബിൽബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് തുക വികസന ഫണ്ട്-ജനറൽ ഫണ്ടിൽ നിന്ന് 281,637/- രൂപ 2019-20 വർഷവും(Bill No.1/2019-20/12.11.2019) ക്യൂബിൽ ആയ 118,361/- രൂപ പ്രോജക്ട് നം.S0197/21 പ്രകാരം തുടർവർഷവുമാണ് ചെലവഴിച്ചത് എന്ന് പ്രോജക്ട് രജിസ്റ്ററിൽ കാണുന്നു.

കേരള ട്രഷറി കോഡ് 223-ാം റൂൾ പ്രകാരം ട്രഷറി ഇടപാടുകൾ ബിൽ ബുക്കിൽ രേഖപ്പെടുത്തിമാത്രമേ നടത്താൻ പാടുള്ളൂ. ബിൽ ബുക്ക് നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഡ്യൂപ്ളിക്കേറ്റ് ബിൽ ബുക്ക് ജനറേറ്റ് ചെയ്ത് ഓഡിറ്റ് പർപ്പസിനായി ഹാജരാക്കേണ്ടതുമാണ് [Rule 223 NOTE 7(D)]. G.O.(P) No.69/2019/Fin തീയതി 20/06/2019 പ്രകാരം ട്രഷറി ഡയറക്ടറുടെ 19/11/2019 ലെ E-1921/2018 നം. കത്തിലും സാംഖ്യയിൽ ജനറേറ്റ് ചെയ്യുന്ന ബില്ലുകൾക്ക് ഡിജിറ്റൽ സൈൻ നടപ്പാക്കിയിട്ടില്ലാത്തതിനാൽ ഡിജിറ്റൽ സൈൻ നിലവിൽ വരുന്നതുവരെ പ്രാദേശിക സർക്കാരുകളുടെ ബില്ലുകൾ മാറുന്നതിന് ബിൽ ബുക്ക് സംവിധാനം തുടരേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് ബിൽ ബുക്കില്ലാതെ മാറിയ ബില്ലുകളുടെ വിവരം ട്രഷറി രേഖകൾ പരിശോധിച്ച് ബിൽ ബുക്കിൽ ചേർത്ത് നൽകേണ്ടതും അപേക്ഷിക്കുന്ന മുറയ്ക്ക് പുതിയ ബിൽ ബുക്ക് നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളത്.

ഡയറി ഫാം ഇൻസ്ട്രക്ടറുടെ 2020-21 ലെ JD 19523 നം. ബിൽ ബുക്ക്(ചങ്ങനാശ്ശേരി സബ് ട്രഷറി) മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബിൽ ബുക്ക് ലഭിക്കുന്നതിന് നൽകിയ "2019-20 വർഷം ബിൽ ബുക്ക് ലഭിച്ചില്ല" എന്ന പരാമർശമുള്ള 22/10/2020 ലെ 52/2020 നം. കത്തിന്റെ പകർപ്പ് മാത്രമാണ് ഫയലിൽ കാണുന്നത്. എന്നാൽ മേൽപറഞ്ഞ കേരള ട്രഷറി കോഡ് 223-ാം റൂളും ട്രഷറി ഡയറക്ടറുടെ കത്തും പ്രകാരം പ്രാദേശിക സർക്കാരുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബിൽ ബുക്ക് ഹാജരാക്കേണ്ടതായിരുന്നു. ബിൽ ബുക്ക് ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.2/2019-20/31.08.2021) ലഭ്യമാക്കിയ മറുപടിയിൽ ട്രഷറിയിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് ബിൽ ബുക്കില്ലാതെ ബിൽ മാറിയത് എന്നാണറിയിച്ചത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇ-ബിൽ ബുക്ക് സംവിധാനം നിലവിൽ വരുന്നതുവരെ മാന്വൽ ബിൽ ബുക്ക് സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 റോഡ് കോൺക്രീറ്റിങ്ങ് കരാർ കാലയളവിൽ പൂർത്തീകരിച്ചില്ല-ഫൈൻ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്(നം.) | ഔട്ട്പോസ്റ്റ് സ്റ്റേഡിയം റോഡ് സംരക്ഷണം വാർഡ്-17<br>(SO279/20) |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) |
| അടങ്കൽ, ഫണ്ടിനം | 1.5 ലക്ഷം (തനത് ഫണ്ട്) |
| ചെലവ് | 149,398/-(Voucher No.21900900/06.02.2020)<br>ചെക്ക് നം.764570 തീയതി 06.02.2020 |
| കരാറുകാരൻ | പി.ജെ. ജോസഫ്, പുത്തൻപുരയ്ക്കൽ, കക്കാട്ട്, മലകുന്നം പി.ഒ. |
| കരാർ വിശദാംശം | 110/AE/LSGD/KRCY/2018-19 തീയതി 20/02/2019<br>കാലാവധി-6 മാസം, PAC-149,398/- |

150/19 നമ്പരായി 2018-19 ൽ വിഭാവനം ചെയ്ത പ്രോജക്ട് 2019-20 വർഷം സ്പിൽ ഓവറായാണ് നടപ്പാക്കിയത്. എസ്റ്റിമേറ്റ് നിരക്കിലാണ് പി.ജെ. ജോസഫ് എന്ന കരാറുകാരന് കരാർ നൽകിയത്(സെലക്ഷൻ നോട്ടീസ് ഫയലിലില്ല). 20/02/2019ൽ സൈറ്റ് കൈമാറിയതായി ഫയലിൽ കാണുന്നു. എന്നാൽ 9 മാസങ്ങൾക്ക് ശേഷം 19/11/2019 ൽ പ്രവൃത്തി ആരംഭിക്കുകയും 17/12/2019 ൽ പൂർത്തീകരിക്കുകയും ചെയ്തു(എം. ബുക്ക് നം.6/2019-20). കരാർ കാലാവധിയായ 6 മാസം കഴിഞ്ഞ് 4 മാസം കൂടി കഴിഞ്ഞ സമയത്താണ് പ്രവൃത്തി പൂർത്തിയായത്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയോ കരാറുകാരൻ അതിനായി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. കാലാവധി കഴിഞ്ഞ് പ്രവൃത്തി ചെയ്യാൻ അനുവദിച്ചതിന് കരാർ വ്യവസ്ഥ നം.7 പ്രകാരം PAC യുടെ 2% ഫൈൻ തുക 2,988/- രൂപ കുറവ് ചെയ്യാതെ ബിൽ തുക കരാറുകാരന് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന്(നം.19/2019-20/10.09.2021) മറുപടി ലഭിച്ചില്ല. കരാറുകാരനിൽ (പി.ജെ. ജോസഫ്) നിന്നും 2,988/- രൂപ ഫൈൻ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-39 ചെറിയ ചെയിനേജിൽ റോഡ് കോൺക്രീറ്റിങ്ങ്-റോഡുകൾ സഞ്ചാരയോഗ്യമാകുന്നില്ല

2019-20 വർഷം പഞ്ചായത്ത് പൂർണ്ണമായും ഭാഗികമായും നടപ്പാക്കിയ 113 പൊതുമരാമത്ത് പ്രവൃത്തികളിൽ 100 ൽ അധികം എണ്ണവും റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളായിരുന്നു. പഞ്ചായത്തിലെ 20 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന വിവിധ റോഡുകളുടെ കുറച്ച് ഭാഗങ്ങൾ മാത്രം വീതം കോൺക്രീറ്റ് ചെയ്യുന്നതിനായിട്ടാണ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ ആവിഷ്കരിച്ചത്. പഞ്ചായത്തിലെ റോഡുകൾ ശരാശരി 300 മീറ്റർ മുതൽ 1 കിലോമീറ്റർ വരെ നീളവും 3 മീറ്റർ വീതിയുള്ളവയുമാണ് എന്ന് പ്രോജക്ട് റിപ്പോർട്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവയിൽ നിന്ന് വ്യക്തമാണ്. 2019-20 വർഷത്തെ എല്ലാ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളും ചെറിയ ചെയിനേജിലാണ്(27 മീറ്റർ, 55 മീറ്റർ, 75 മീറ്റർ) എന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായി. 1 ലക്ഷം, 1.5 ലക്ഷം, 2 ലക്ഷം എന്നിങ്ങനെ ചെറിയ അടങ്കലിൽ പല റോഡുകൾ കോൺക്രീറ്റ് ചെയ്യുമ്പോൾ റോഡിന്റെ ചെറിയ ഭാഗം മാത്രം കോൺക്രീറ്റും ബാക്കി ഭാഗം മണ്ണ് റോഡുമായും അവശേഷിക്കും. റോഡുകൾ പൂർണ്ണമായും കോൺക്രീറ്റ് ചെയ്യുന്നില്ല എന്നതിനാൽ പശ്ചാത്തല മേഖലയിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കുക എന്ന പ്രാഥമിക പദ്ധതിലക്ഷ്യം സാധ്യമാകുന്നില്ല. ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിലും പശ്ചാത്തല മേഖലയിൽ പദ്ധതിലക്ഷ്യം കൈവരിക്കുകയും ചെയ്യുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കാൻ ഭരണസമിതിയും വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

1-40 ലൈഫ് ഭവന പദ്ധതി

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതിയുടെ ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 7 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ കരാറിലേർപ്പെട്ട 81 ഗുണഭോക്താക്കളിൽ 72 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 9 ഗുണഭോക്താക്കളും ഭവനനിർമ്മാണം പൂർത്തീകരികരണഘട്ടത്തിലാണ്. മൂന്നാം ഘട്ടപ്രകാരം 40 പേർ ഭൂമി ആർജ്ജിച്ചിട്ടുണ്ട്. 2019-20 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | വികസനഫണ്ട് | സംസ്ഥാനാവിഷ്കൃത പദ്ധതി | ബ്ളോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| ജനറൽ വകയിരുത്തിയത് | 3286854 | 0 | 1504920 | 9536 | 19430464 | 24231774 |
| ചെലവ് | 3223534 | 0 | 0 | 0 | 2800000 | 6023534 |
| എസ് സി വകയിരുത്തിയത് | 360000 | 0 | 0 | 0 | 0 | 360000 |
| ചെലവ് | 320000 | 0 | 0 | 0 | 0 | 320000 |

1-41 ആശ്രയ ഭവന നവീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല

പ്രോജ. നം.14/2019-20, ആശ്രയ ഭവന നവീകരണം
അടങ്കൽ - 300000/-
ചെലവ് - 300000/- {വി.ഫ. - 200000+തനത് ഫണ്ട് - 100000}
ബിൽ നം. - 5/6.11.2019

ആശ്രയ ഭവന നവീകരണത്തിനായി മേൽ ബിൽ പ്രകാരം 3 ലക്ഷം രൂപ കുടുംബശ്രീ അക്കൗണ്ടിലേക്ക് കൈമാറുകയുണ്ടായി. ടി തുകയിൽ 2.5 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/2019-20, തീ.31.08.2021) അവശേഷിക്കുന്ന തുക ഉടൻ അർഹരായവർക്ക് നൽകുമെന്നറിയിച്ചിട്ടുണ്ട്. സമൂഹത്തിൽ ഏറ്റവും അർഹരായവരും അശരണരും നിരാലംബരും അവശതയനുഭവിക്കുന്ന വിഭാഗവുമായതിനാൽ

ഈയിനത്തിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന മുഴവൻ തുകയും അടിയന്തിരമായി അർഹരായവർക്ക് എത്തിച്ചു നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

### 2-1 മോട്ടോർ ഫീ ഈടാക്കിയില്ല /കുറവായി ഈടാക്കി- 4650 രൂപ നഷ്ടം

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീസ് |
|---|---|---|---|---|---|
| 1 | 17 | ജൂബി അലക്സ് | ഫിലിപ്പ് ആട്ടോ കെയർ പെട്രോൾ പമ്പ് | 3എച്ച്പി | 50 |
| 2 | 19 | സുജിത്ത് എൻ നായർ | ചേരിയിൽ ബ്രിക്സ് | 9എച്ച്പി | 100 |
| 3 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 100 |
| 4 | 13 | ബിനോയ് സി ഐ | വെസ്റ്റേൺ എന്റർപ്രൈസസ് | 5എച്ച്പി | 100 |
| 5 | 17 | ബിനു കുരുവിള | ഹോളോബ്രിക്സ് നിർമ്മാണം | 9എച്ച്പി | 100 |
| 6 | 7 | ഷിബി എലിസബത്ത് കുരുവിള | മരിയൻ ഇൻഡസ്ട്രീസ് | 9എച്ച്പി | 100 |
| 7 | 3 | തോമസ് കെ കുര്യൻ | കോൺകോഡ് അസോസിയേറ്റ്സ് | 9എച്ച്പി | 100 |
| 8 | 4 | തോമസ് കെ കുര്യൻ | തേഹെ ഇൻഡസ്ട്രീസ് | 8എച്ച്പി | 100 |
| 9 | 5 | ബാബു റ്റി വി | സെന്റ് മേരീസ് ഫ്ലോർ മിൽ | 10എച്ച്പി | 200 |
| 10 | 3 | മനോജ് മാത്യു | പാലത്ര ഇൻഡസ്ട്രീസ് | 20എച്ച്പി | 300 |
| 11 | 4 | സ്കറിയ പുന്നൂസ് | പെനി ഐസ് പ്ലാന്റ് | 108എച്ച്പി | 1000 |
| 12 | 14 | പി കെ ധർമ്മപാലൻ | അനു ടിംബേഴ്സ് , സോ മിൽ | 45എച്ച്പി | 500 |
| 13 | 17 | എൻ സി ഫിലിപ്പ് | യുണൈറ്റഡ് റബർ ഇൻഡസ്ട്രീസ് | 96എച്ച്പി | 1000 |
| ആകെ | | | | | 3750 |

മോട്ടോർ ഫീ ഈടാക്കിയതിൽ കുറവ്

ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 16 | പുന്നൂസ് കുട്ടി പി ചെറിയാൻ | പള്ളത്ത് ഐസ് പ്ലാന്റ് | 87എച്ച്.പി | 1000 | 500 | 500 |
| 2 | 2 | തോമസ് എബ്രഹാം | തോംസൺ റബ്ബേഴ്സ് | 40എച്ച്.പി | 400 | 200 | 200 |
| 3 | 13 | ഗോപകുമാർ സി സി | സോ മിൽ | 34എച്ച്.പി | 400 | 200 | 200 |
| ആകെ | | | | | | | 900 |

നിയമാനുസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -10/2019-20 തീയതി 06.09.2021) മോട്ടോർ ഫീ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമാനുസൃതമായ മോട്ടോർ ഫീസ് കൂടി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

### 3-1 പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം - - അർഹമായതിലും അധിക ധനസഹായം നൽകി

പ്രോജ. നം.222/2019-20, പ്രൊഫഷണൽ കോഴ്സ് - എസ്.സി വിദ്യാർത്ഥികൾക്ക് ധനസഹായം (സ്പിൽഓവർ)

അടങ്കൽ - 75000/-

ചെലവ് - 75000/- (എസ്.സി.പി)

ബിൽ നം. - 1/2019-20 തീ.22.05.2019

സ്പിൽഓവറായി 2019-20 വർഷം നടപ്പാക്കിയ ടി പ്രോജക്ടിൽ ആകെ 3 ഗുണഭോക്താക്കളുള്ളതിൽ താഴെപ്പറയുന്ന 2 ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ/ തീ.14.02.2018 ഖ.7.2.5 പ്രകാരം അനുവദിക്കപ്പെട്ടതിലും അധികമായി ധനസഹായം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിച്ച കോഴ്സ് | അർഹമായ സ്കോളർഷിപ്പ് | നൽകിയ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|
| അഞ്ജന ബിജു, മാലക്കുന്നം, കുറിച്ചി | ബി.എസ്.സി (നേഴ്സിംഗ്) | 20000 | 25000/-(ബിൽ നം.1/22.5.2019) | 5000 |
| ജിഷ രാജു, കടുപ്പിൽ | ബി.എസ്.സി (നേഴ്സിംഗ്) | 20000 | 25000/-(ബിൽ നം.1/22.5.2019) | 5000 |

| | | | | |
|---|---|---|---|---|
| പറമ്പിൽ, എസ്. പുരം പി.ഒ, കുറിച്ചി | | | | |
| ആകെ | | | | 10000/- |

മേൽപ്പറഞ്ഞ 2 വിദ്യാർത്ഥികളും കേരളത്തിലെ നേഴ്സിംഗ് കോളേജുകളിലാണ് നേഴ്സിംഗ് കോഴ്സ് പഠിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം എം.ബി.ബി.എസ്, എഞ്ചിനീയറിംഗ് ഒഴികെയുള്ള മറ്റ് ബിരുദ കോഴ്സുകൾക്ക് സംസ്ഥാനത്തിനുള്ളിൽ 20000/- രൂപ മാത്രമാണ് ധനസഹായം നൽകാവുന്നത്. അധികമായി ധനസഹായം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/ 2019-20) നിർധനരായ ഗുണഭോക്താക്കളായതിനാൽ അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ സാധിക്കില്ലായെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. അധികമായി ചെലവഴിച്ച 10000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക തിരികെ ഈടാക്കി അറിയിക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ എ2-01/2020 തീയതി 21/07/2020 പ്രകാരവും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 01/09/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2019-20 | 250,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(29/20) | 250,000/- | 0 |
| | 2019-20 | 2,052,460/- | എസ്. സി. ഭവന നിർമ്മാണം (347/20) | 521,000/- | 1,531,460/- |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 771,000/- | 1,531,460/- |
| ജില്ല പഞ്ചായത്ത് | 2019-20 | 353,620/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 353,620/- | 0 |

| | | | | | |
|---|---|---|---|---|---|
| കോട്ടയം | | | കുട്ടികൾക്ക് സ്കോളർഷിപ്പ്(29/20) | | |
| | ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | | | 353,620/- | 0 |

ലൈഫ് മിഷനായി ലഭിച്ച ബ്ലോക്ക് വിഹിതം മുന്നിരിപ്പ് 26,540/- രൂപയും തൻവർഷം ലഭിച്ച 2,025,920/- രൂപയുമുൾപ്പടെ 2,052,460/- രൂപയിൽ നിന്നാണ് 347/20 നം. പ്രോജക്ടിന് 5.21 ലക്ഷം രൂപ ചെലവഴിച്ചത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.ൽ ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ(255/20) | 149,394/- | 149,394/- | 0 |

255/20 നം. പ്രോജക്ടിനായി നിക്ഷേപിച്ച 149,394/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി അക്കൌണ്ട് ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ച ശേഷം മാത്രം ആസ്തിയായി അക്കൌണ്ടിങ്ങ് ക്രമീകരണം നടത്താൻ പാടുള്ളൂ.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 6,640,000/- | 1,220,000/- | 867,647/- | - | 6,992,353/- |

സെക്രട്ടറിയുടെ 357/20, 380/20 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും യഥാക്രമം 779,412/- രൂപയും 358/20, 361/20 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 88,235/- രൂപ എന്നിങ്ങനെ ആകെ 867,647/-രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. വായ്പ രജിസ്റ്റർസെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ധനകാര്യ പത്രിക പ്രകാരം 4,427,773/- ആയിരുന്ന സ്ഥിരനിക്ഷേപത്തിലെ മുന്നിരിപ്പ്. അക്കൗണ്ട് ചെയ്യാതിരുന്ന പലിശ 333,934/- രൂപ 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം 2019-20 വർഷം ചേർത്ത് മുന്നിരിപ്പ് തുക ക്രമപ്പെടുത്തിയിട്ടുണ്ട്. 2019-20 വാർഷിക പഞ്ചായത്തിലെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4,761,707/- |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 382,528/- |
| ആകെ | 5,144,235/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,144,235/- |

31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക്, FD അക്കൗണ്ട് നമ്പർ, നിക്ഷേപ മൂല്യം എന്നിവ താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | FD അക്കൌണ്ട് നം. | തുക |
|---|---|---|
| കുറിച്ചി എസ്.സി.ബി. (എഫ്.ഡി.1) | 0120000000034 | 65,395/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 2) | 0202000008409 | 813,082/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 3) | 0102000007481 | 390,079/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 4) | 0120000004470 | 1,355,582/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 5) | 0120000001886 | 832,526/- |
| ഇത്തിത്താനം എസ്.സി.ബി. (എഫ്.ഡി 6) | 0120000001084 | 1,687,571/- |
| | ആകെ | 5,144,235/- |

ആറ് സ്ഥിരനിക്ഷേപങ്ങളുടെയും പലിശ ലഭിച്ചത് മുതലിൽ ചേർക്കുന്നത് ഒരു ജേർണൽ വൗച്ചറായിട്ടാണ്(Journsl Voucher) അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയിരിക്കുന്നത്. ഓരോ

സ്ഥിരനിക്ഷേപങ്ങളുടെയും പലിശ മുതലിൽ ചേർത്ത് പുതുക്കുന്നത് പ്രത്യേകം അക്കൌണ്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 2-5 | 2006-07 | 3-33-1 | നാളികേരം അടിസ്ഥാനമാക്കി ചെറുകിട വ്യവസായം - തുക വകമാറ്റി ചെലവഴിച്ചു -1.2 ലക്ഷം പാഴായി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-00 | 2(എ) | 2002-03 | 5-10(1) | രസീത് മുഖേന പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വരുത്തിയില്ല | |
| 2016-17 | 3-1 | 2017-18 | 1-5-4 | സ്ട്രീറ്റ് മെയിൻ വൈദ്യുതമീറ്റർ സ്ഥാപിക്കൽ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 116,798,802/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72,755,702/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,650/- |

| | | | |
|---|---|---|---|
| ചെലവിനങ്ങളിലുള്ള അംഗീകരിക്കാത്ത തുക | നഷ്ടം/ഓഡിറ്റിൽ | : | 10,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | : | 1061450/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 | 4,650/- | - | ബീനാമോൾ ജെ., സെക്രട്ടറി |
| 3-1 | - | 10,000/- | ബിന്ദുമോൻ വി. ആർ., അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 959750/- | ഡോ. അജയകുമാർ, വെറ്ററിനറി സർജൻ |
| 1-35 | 101,700/- | അനിപ്രിയ എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 1061450/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-17,1-18

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബീനാമോൾ ജെ., സെക്രട്ടറി | സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല | നഹാസ് വില്ല, കണ്ടല്ലൂർ സൗത്ത്, കണ്ടല്ലൂർ(പി.ഒ.), ആലപ്പുഴ-690535. |
| ബിന്ദുമോൻ വി. ആർ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല | വേണാട്ടുശ്ശേരിൽ., കാരാപ്പുഴ പി. ഒ., കോട്ടയം-686003. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച

അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1.04.1997to30.4.1998 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.8-484/00/8.12.2000 | - |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11/331/14(1)/07.06.2014 | 17 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11/330/14/31.05.2014 | 1 |
| 1999-00(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി12(അദാ-2018)/191/18/ 21.02.2018 | 17 |
| 1999-00(വരവ്) | എൽ.എഫ്.കെ.പി.8/1653/07/05.12.2008 | 5 |
| 2000-01 & 2001-02 ജനകായാസൂത്രണം | എൽ.എഫ്.കെ.പി.11/331/14(5)/06.06.2014 | 18 |
| 2000-01 | എൽ.എഫ്.കെ.പി11/331/14(3)/04.06.2014 | 2 |
| 2001-02 | എൽ.എഫ്.കെ.പി11/331/14(4)/04.06.2014 | 4 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി11/242/14/8.04.2014 | 18 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി11/190/(അദാ)/H4/22.02.2011 | 3 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 7 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 1 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 17 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി11-242/14/14.03.2014 | 3 |
| 2005-06 | എൽ.എഫ്.കെ.പി11-242/14/08.04.2014 | 8 |
| 2006-07 | എൽ.എഫ്.കെ.പി11-242/14/15.03.2014 | 24 |
| 2007-08 | എൽ.എഫ്.കെ.പി11-57/14/15.12.2015 | 14 |
| 2008-09 | എൽ.എഫ്.കെ.പി11-242/14/15.03.2014 | 18 |
| 2009-10 & 2010-11 | എൽ.എഫ്.കെ.പി11-1032/13/03.01.2014 | 18 |
| 2011-12 | എൽ.എഫ്.കെ.പി11-1786/ 13.01.2014 | 12 |
| 2012-13 | എൽ.എഫ്.കെ.പി.11-440/15/10.06.2015 | 23 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി11-1254/16/22.08.2016 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1485/17/22.12.17 | 22 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി12/09/17/21.03.2018 | 31 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി12-76/19/25.06.2019 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി12-76/19/24.06.2020 | 23 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി12-29/2020/ 16.06.2020 | 34 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്